# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 820 12.06.2013 - ൽ മറുപടിക്ക്

### റാന്നി - പഴവങ്ങാടി - വടശ്ശേരിക്കര മേജർ കുടിവെള്ളവിതരണ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) റാന്നി- പഴവങ്ങാടി- വടശ്ശേരിക്കര മേജർ കുടിവെള്ള വിതരണ പദ്ധതിയുടെ ആദ്യ ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോ; ഇനിയും എന്തെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനുണ്ടോ; ഇത് എന്നത്തേക്ക് പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വിശദമാക്കാമോ; | (എ) റാന്നി- പഴവങ്ങാടി- വടശ്ശേരിക്കര മേജർ കുടിവെള്ള വിതരണ പദ്ധതിയുടെ ആദ്യ ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടില്ല. ഇനിയും 7 ബൂസ്റ്റർ സെക്ഷനുകളിലേയ്ക്കുള്ള പമ്പ്സെറ്റുകൾ സ്ഥാപിക്കുകയും അതിനുശേഷം വൈദ്യുതി കണക്ഷൻ ലഭിച്ച് ട്രയൽ റൺ നടത്തി 2014 ഫെബ്രുവരി മാസത്തിൽ കമ്മീഷൻ ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; എന്തൊക്കെ പ്രവൃത്തികളാണ് ഇതിലുൾപ്പെടുത്തുന്നത്; ഇവയുടെ ഓരോന്നിന്റെയും നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; എന്നത്തേക്ക് ഇവ പൂർത്തിയാക്കാൻ കഴിയും; പദ്ധതി പൂർണ്ണമായ തോതിൽ ആരംഭിക്കാൻ ഇനിയും എന്തൊക്കെ നടപടികളാണുള്ളത്; വിശദമാക്കുമോ? | (ബി) പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 1458.99 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 206.57 കി.മീ വിതരണ ശൃംഖലയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇവയുടെ നിർമ്മാണം ധൃതഗതിയിൽ നടന്നു വരുന്നു. 2014 മാർച്ചു മാസത്തോടു കൂടി പൂർത്തിയാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ